## യു പി സ്കൂൾ താലൂക്ക്തല വായന മത്സരം ഇന്ന്

കൽപ്പറ്റ: വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ യു പി സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വായന മത്സരത്തിന്റെ താലൂക്ക്തല മത്സരങ്ങൾ ഞായറാഴ്ച രാവിലെ 10 ന് തുടങ്ങും.

എഴുത്ത് പരീക്ഷ, വിഷ്വൽ റൗണ്ട്, അഭിമുഖം എന്നിങ്ങനെ മൂന്ന് റൗണ്ടുകളായാണ് മത്സരം. വിജയിക്കുന്ന ആദ്യ 10 സ്ഥാനക്കാർ ജില്ലാതല മത്സരത്തിലേക്ക് യോഗ്യത നേടും. വൈത്തിരി താലൂക്ക് മത്സരം കൽപ്പറ്റ ജില്ലാ ലൈബ്രറി ഹാളിലും, മാനന്തവാടിയിലേത് മാനന്തവാടി ഗവ: യു പി സ്കൂളിലും, ബത്തേരിയിലേത് ബത്തേരി സർവ്വജന ഹൈസ്കൂളിലും നടക്കും.

## മഹിളാ കൺവൻഷൻ

**മീനങ്ങാടി:** ജനാധിപത്യ മഹിള അസോസിയേഷൻ മീനങ്ങാടി മേഖല കൺവൻഷൻ ബീന വിജയൻ ഉദ്ഘാടനം ചെയ്തു. വി എം സാബു, കെ കെ വിശ്വനാഥൻ, എം ആർ ശശിധരൻ, എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: സാലി വർഗീസ് (പ്രസിഡന്റ്) ബെറ്റി സുരേന്ദ്രൻ (സെക്രട്ടറി) ഷൈല പ്രകാശ് (ട്രഷറർ).

**ജനുവരി 8ന് വൈത്തിരിയിൽ ഹർത്താൽ**

# വെറ്ററിനറി സർവകലാശാല ജില്ലയിൽ നിലനിർത്തണം എൽഡിഎഫ് പ്രക്ഷോഭത്തിലേക്ക്

**സ്വന്തം ലേഖകൻ**

കൽപ്പറ്റ: വെറ്ററിനറി സർവകലാശാലയെ ചുരമിറക്കാനുള്ള നീക്കത്തിനെതിരെ എൽഡിഎഫ് വൈത്തിരി പഞ്ചായത്ത് കമ്മറ്റി പ്രക്ഷോഭത്തിലേക്ക്. പ്രക്ഷോഭത്തിന്റെ ഭാഗമായി ജനുവരി 8ന് വൈത്തിരി പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുമെന്ന് എൽഡിഎഫ് വൈത്തിരി പഞ്ചായത്ത് കമ്മറ്റി ഭാരവാഹികൾ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

സർവകലാശാലയുടെ കെട്ടിട നിർമാണം നിരോധിച്ച ഹരിതട്രിബ്യൂണൽ വിധിയുടെ മറവിൽ ആസ്ഥാനം മാറ്റുമെന്നാണ് വൈസ് ചാൻസലർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് അംഗീകരിക്കില്ല.

പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ ചില സ്ഥാപിത താൽപര്യക്കാരും ആദിവാസി സംരക്ഷകരായി മാറിയ സംഘടനകളും സർവ്വകലാശാലയെ തകർക്കാൻ ശ്രമിക്കുമ്പോൾ ജില്ലയിൽ നിന്നുള്ള മന്ത്രിയും എംഎൽഎയും എംപിയും പ്രശ്നത്തിൽ ഇടപെടുന്നില്ല. സർക്കാറും ഇത്തരം പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുകയാണ്. പ്രശ്നങ്ങൾ സൃഷ്ടിച്ച് പൂക്കോട് നിന്ന് ആസ്ഥാനം മാറ്റാനുള്ള തന്ത്രമാണ് അധികൃതർ നടത്തുന്നത്. സ്ഥാപിത താൽപര്യക്കാരായ ചിലരാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. നിർമാണപ്രവർത്തനങ്ങൾ തടഞ്ഞുള്ള ഹരിതട്രിബ്യുണൽ ഉത്തരവും ഇതിന്റെ ഭാഗമാണ്. പരിസ്ഥിതിയെ തകർക്കാതെ നിർമാണപ്രവർത്തനം നടത്താൻ സർവ്വകലാശാലയുടെ കീഴിൽ വിദഗ്ധരായ എൻജീനിയർ വിഭാഗം ഉള്ളപ്പോൾ പ്രദേശത്തിന്റെ ഭുമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കാതെ നിർമാണപ്രവർത്തനങ്ങളുടെ ചുമതല ബിഎസ്എൻഎൽ കമ്പനിക്ക് കരാർ നൽകിയത് എംഎൽഎ ഉൾപ്പെടുന്ന ബോർഡ് ഓഫ് മാനേജ്മെന്റാണ്. പ്ലാനും എസ്മേറ്റും തയ്യാറാക്കാൻ ബംഗളുരുവിലെ സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയതും ഇവരാണ്. പഞ്ചായത്ത് ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടത് പ്രദേശത്തിന്റെ ഘടനക്കനുസൃതമായ നിർമാണരീതി നടത്തണമെന്നാണ്. എന്നാൽ ഇത്തരം നിർദേശങ്ങൾ അവഗണിച്ചാണ് അധികൃതർ നിർമാണപ്രവർത്തനം ആരംഭിച്ചത്. പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന തരത്തിൽ നിർമാണം നടത്തി അതുവഴി സ്റ്റേ സമ്പാദിച്ച് സർവ്വകലാശാലയെ ഇവിടെ നിന്ന് മാറ്റിസ്ഥാപിക്കാൻ വേണ്ടി ചിലർ നടത്തുന്ന ഗൂഢനീക്കമാണ് സംഭവത്തിന് പിന്നിൽ. നടപടി സ്വീകരിക്കേണ്ട സർക്കാറും ഇത്തരം പ്രവർത്തനങ്ങൾക്ക് കൂട്ട് നിൽക്കുന്നു. മാനേജ്മെന്റ് കൗൺസിൽ അംഗമായ എംപി ഇതൊന്നും അറിഞ്ഞില്ലെന്ന മട്ടാണ്.

ക്ഷീര കർഷകർക്ക് പ്രചോദനവും അതുവഴി ജില്ലയുടെ പുരോഗമനവും ലക്ഷ്യമാക്കി 96-ലെ നായനാർ സർക്കാരാണ് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെറ്ററിനറി കോളേജ് ആരംഭിക്കാൻ തിരുമാനിച്ചത്. 2004-ൽ പ്രവർത്തനം ആരംഭിച്ച കോളേജിന് 2010-ലാണ് സർവകലാശാല പദവി ലഭിച്ചത്. 2011 ഫെബ്രുവരിയിലാണ് യൂണിവേഴ്സിറ്റി ആക്ട് നിലവിൽ വന്നത്. ഇതിൽ സർവകലാശാല ആസ്ഥാനം പൂക്കോടെന്നാണ് നിർണയിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ നിർമാണപ്രവർത്തനങ്ങൾ നിരന്തരം തടസപ്പെടുത്തുന്നുവെന്ന വാർത്തകൾ പ്രചരിപ്പിച്ചാണ് യൂണിവേഴ്സിറ്റി ആസ്ഥാനം പൂക്കോട് നിന്ന് മാറ്റാനുള്ള ശ്രമം നടക്കുന്നത്. ഇപ്പോൾ നിർമാണപ്രവർത്തനങ്ങൾ സ്റ്റേ ചെയ്ത ഹരിതട്രിബ്യുണൽ ഉത്തരവ് ജനഹിതത്തിനെതിരാണ്. അധികാരം ജനാധിപത്യ സർക്കാറുകൾക്ക് നഷ്ടമാകുന്ന പ്രവണതയാണ് ദേശീയപാതയിലെ ഗതാഗത നിയന്ത്രണത്തിലും സർവ്വകലാശാലയുടെ നിർമാണം തടഞ്ഞ ട്രീബ്യൂണൽ ഉത്തരവും വ്യക്തമാക്കുന്നത്. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗമായ എംഎൽഎ യൂനിവേഴ്സിറ്റിക്ക് വേണ്ടി ഒരു ചെറുവിരൽ അനക്കിയിട്ടില്ല. ജീവനക്കാരുമായി നിരന്തരം പ്രശ്നങ്ങളുണ്ടാക്കി വൈസ്ചാൻസലർ ലാഭമുണ്ടാക്കാനുള്ള വ്യവസായം എന്നനിലയിലാണ് സർവ്വകലാശാലയെ കാണുന്നത്.

1977-ൽ ആരംഭിച്ച പൂക്കോട് ഡയറി പ്രൊജക്ട് സൊസൈറ്റി പിരിച്ച് വിട്ടതിനെ തുടർന്ന് വയനാടിന്റെ പുരോഗതി കണക്കിലെടുത്ത് 96-ലെ നായനാർ സർക്കാരാണ് പ്രൊജക്ടിന്റെ കീഴിലുള്ള പൂക്കോട്ട് വെറ്ററിനറി കോളേജ് ആരംഭിക്കാൻ തിരുമാനിച്ചത്. സൊസൈറ്റി പിരിച്ച് വിട്ടപ്പോൾ മെമ്പർമാർക്ക് അഞ്ച് ഏക്കറും അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് രണ്ട് ഏക്കർ ഭൂമിയും നൽകി. ആദിവാസി കുടുംബങ്ങളിലെ അംഗങ്ങൾക്ക് യോഗ്യതക്കനുസരിച്ച് തൊഴിൽ നൽകണമെന്ന കരാർപ്രകാരമാണ് 100 ഏക്കർ ഭൂമി സർവകലാശാലക്ക് വിട്ടുനൽകിയത്. സർക്കാറും സർവകലാശാല അധികൃതരുമായുള്ള വ്യവസ്ഥകൾ പ്രകാരം 100 ഓളം ആദിവാസികളാണ് ഇവിടെ ജോലി ചെയ്യുന്നത്. ഇതിൽ 20പേർ സ്ഥിരം തൊഴിലാളികളാണ്. പ്രദേശവാസികളായ മറ്റുവിഭാഗങ്ങളിലുള്ളവരും ജോലിചെയ്യുന്നുണ്ട്. ബഹുഭൂരിപക്ഷം ആദിവാസികൾക്കും തൊഴിൽ ലഭിക്കാൻ എൽഡിഎഫ് സർക്കാർ നടപ്പാക്കിയ കരാർ യൂഡിഎഫ് അട്ടിമറിക്കുകയാണ് ചെയ്തത്. 2010ലാണ് കോളേജിന് സർവകലാശാല പദവി ലഭിച്ചത്. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നിട്ട് പ്രഖ്യാപനങ്ങളല്ലാതെ നിർമാണമൊന്നും നടത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണത്തിന്റെ പേരിൽ കോടികളാണ് ചിലവഴിച്ചത്. നിർമാണപ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമാക്കാൻ സർക്കാർ ഇടപെടണമെന്നും സർവകലാശാല മാറ്റാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും വാർത്ത സമ്മേളനത്തിൽ പങ്കെടുത്ത വൈത്തിരി പഞ്ചായത്ത് പ്രസിഡന്റ് പി ഗഗാറിൻ, സിപിഐ എം ജില്ലാകമ്മറ്റിയംഗം എം സെയ്ദ്, വൈത്തിരി ഏരിയസെക്രട്ടറി എം ജനാർദനൻ, ലോക്കൽസെക്രട്ടറി സി കുഞ്ഞമ്മദ്കുട്ടി, എൽഡിഎഫ് വൈത്തിരി പഞ്ചായത്ത് കൺവീനർ എം വി കുര്യൻ, കെ കെ തോമസ് എന്നിവർ ആവശ്യപ്പെട്ടു.

**● വെറ്ററിനറി സർവകലാശാല**

# വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകണം:സിപിഐ എം

കൽപ്പറ്റ: വെറ്ററിനറി യൂനിവേഴ്സിറ്റിയിലെ നിർമാണ പ്രവർത്തനം നിർത്തിവെക്കാനുള്ള ഹരിത ട്രിബ്യൂണൽ വിധിക്കെതിരെ സംസ്ഥാന സർകാർ അപ്പീൽ നൽകണമെന്ന് സിപിഐ എം ജില്ല സെക്രട്ടരിയറ്റ് ആവശ്യപ്പെട്ടു.സംസ്ഥാനത്തെ ആദ്യ വെറ്ററിനറി യൂനിവേഴ്സിറ്റിയാണ് പൂക്കോട്ട് പ്രവർത്തിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുച്ഛമായ ജില്ലക്ക് എൽഡിഎഫ് സർകാർ അനുവദിച്ച സമ്മാനമാണ് വെറ്ററിനറി യൂനിവേഴ്സിറ്റി.2010ലെ വി എസ് സർകാരാണ് വെറ്ററിനറി സർവകലാശാല സ്ഥാപിച്ചത്.കാർഷിക പ്രതിസന്ധി രൂക്ഷമായ ജില്ലക്ക് ഏറെകുറെ ആശ്വാസം പകരുമെന്ന ലക്ഷ്യത്തോടെയാണ് ജില്ലയിൽ ഈ സർവകലാശാല പ്രവർത്തനം തുടങ്ങിയത്. എന്നാൽ സ്ഥാപനം ചുരമിറക്കാനുള്ള ആസൂത്രിത നീക്കങ്ങൾ തുടക്കം മുതലുണ്ടായി. സ്ഥാപനത്തെ മണ്ണുത്തിയിലേക്ക് കൊണ്ട് പോകാനായിരുന്നു നീക്കം. ഏറ്റവും ഒടുവിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നിർമാണ പ്രവർത്തികൾ നിർത്തിവെക്കാനിടയാക്കിയതിന് പിന്നിലും സ്ഥാപിത താൽപര്യങ്ങളുണ്ടെന്ന് സംശയമുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള വിദഗ്ധരായ എൻജീനിയറിംഗ് വിങ്ങിനെ മറികടന്നാണ് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഹരിക്കാതെ നിർമാണപ്രവർത്തനങ്ങളുടെ ചുമതല ബിഎസ്എൻഎല്ലിന് കരാർ നൽകിയത്. വിദഗ്ധ എൻജിനിയർമാരുടെ നേതൃത്വത്തിൽ പരിസ്ഥിതി ആഘാതം ഏൽപ്പിക്കാതെ തന്നെ നിർമാണ പ്രവർത്തനങ്ങൾ നടത്തണം. അതിന് പകരം നിർമാണ പ്രവർത്തനം പൂർണമായി തടയുന്നതിന് പിന്നിലുള്ള രാഷ്ട്രീയ താൽപര്യം തിരിച്ചറിയണം. പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്. എന്നാൽ കേവല പരിസ്ഥിതി വാദത്തിന്റെ പേരിൽ പിന്നോക്ക ജില്ലയായ വയനാടിന്റെ വികസന പ്രവർത്തനങ്ങൾ തടയുന്നത് നീതിയല്ല. ജില്ലയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലകളിൽ പോലും നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് കുന്നിടിക്കലും നിർമാണ പ്രവർത്തനവും വ്യാപകമാണ്.നിയമം കാറ്റിൽ പറത്തി റിസോർട് മാഫിയയും ഉദ്യോഗസ്ഥ ഭൂ മാഫിയയും ചേർന്ന് ഭൂമി തരം മാറ്റിയും അനധികൃതമായി വയൽനികത്തിയും നടത്തുന്ന പരിസ്ഥിതി ചൂഷണം തടയാൻ ഒന്നും ചെയ്യാത്തവരാണ് യൂനിവേഴ്സിറ്റി വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങാകുന്നത്. എംഎൽഎ ഉൾപ്പെടെയുള്ള ബോർഡ് ഓഫ് മാനേജ്മെന്റാണ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ ബംഗളൂരുവിലെ സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയത്.വയനാട്ടിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചക്ക് വിഘാതമാകുന്ന വിധിയെ കുറിച്ച് എംഎൽഎയും ഭരണകക്ഷി നേതാക്കളും നിലപാട് വ്യക്തമാക്കണം.ഇക്കാര്യത്തിൽ മന്ത്രി ജയലക്ഷ്മിയും എംപിയും മുൻകൈയെടുത്തില്ലെന്നത് അപലപനീയമാണ്. വെറ്ററിനറി സർവകലാശാല ജില്ലയിൽ തന്നെ നിലനിർത്താൻ സർകാർ രാഷ്ട്രീയ തീരുമാനമെടുത്ത് ഹരിത ട്രിബ്യൂണൽ വിധിക്കെതിരെ അപ്പീൽ നൽകണമെന്നും സിപിഐ എം ആവശ്യപ്പെട്ടു.

NL, Kolkata

SANCHAR NIGAM LIMITED
(A Govt. of India Enterprises)
ral Manager Telecom, Bihar Circle, Patna-800 001
Measuring Instruments/2012-13 Dated 18.03.2013.
E INVITING TENDER
y CGMT, BSNL, Bihar Circle from the prospective
ng instruments:

| | Quantity (with unit) | Estimated cost in Rs. |
|---|---|---|
| | 17 Sets | 29,30,120.00 |
| -A) | 10 Sets | 3,09,400.00 |

der is 30/04/2013 up to 1200 Hrs.
ation, kindly visit our website www.bihar.bsnl.co.in
39934(F) Asstt. General Manager (MM)

dia) Limited
of India Undertaking)
tna Company)

NOTICE INVITING TENDER
EN DOMESTIC COMPETITIVE BIDDING)


es bids from Eligible Bidders for Appointment of
s for Polymer Products Produced/Marketed
detailed below:
/PMG/ CS Appointment/ 2012-13, Tender
website from: 25.03.2013, Date of Pre Bid
14:30 Hours (IST) at GAIL, New Delhi, Last date
of Bid: 30.04.2013 at 14:00 Hours (IST).
se visit our website: www.gailtenders.in and
ders.gov.in. Corrigendum / Addendum, if any,
websites and will not be published in any other

s may contact: Deputy General Manager (PC-
Limited, 16, Bhikaiji Cama Place, New Delhi -
0-91-11-26182955, Extn.: 6137/6117;
ail.co.in / manish.saxena@gail.co.in

# After tiger scare, tree-felling frenzy grips Wayanad

K R Rajeev | TNN

**Kozhikode:** Wayanad is witnessing an unprecedented clearfelling at home gardens and estates, sparked off by rumours that the government will soon impose a blanket ban on cutting of trees.



After the recent tiger scare whipped up by organized mafia, it is now the turn of timber traders and other vested interests to take advantage of the heightened fear, of an imminent proclamation of eco sensitive zones (ESZ), among people, and prompt them to clear off entire standing trees in private lands and estates at throw away prices.

Concerned by the rapid wiping out of greenery, even felling of small trees, the forest department has written to the district collector and other authorities to bring in special regulations to curb the tree-felling frenzy.

In a report to the district collector and chief conservator of forests, divisional forest officer (south Wayanad), P Dhanesh Kumar said land mafia and timber merchants lobby were making the farmers sell trees in estates and private compounds at cheap prices.

DFO told TOI that the forest department can only intervene in the eight notified villages in the district bordering the forest areas, and that too, in compounds over one hectre area.

Greens have demanded the government to step in immediately and prohibit cutting of trees below 2.5 feet in girth. "What is currently going on across Wayanad is the plunder of the remaining greenery at a frantic pace. Timber gangs state have zeroed on the district to exploit the fears people," N Badusha, President of the Wayanad Prakriti Samrakshana Samiti said.

## ൂടോത്രം
## ചയ്തതിന്
## ന്തവാദിയെ
## ലയറുത്ത് കൊന്നു

**ലസോർ (ഒഡിഷ):** കൂടോത്രം
യ്തതിന് 62കാരനായ ആദിവാ
യെ സുഹൃത്ത് തലയറുത്ത്
ാന്നു. കൊലപാതകത്തിനു
ഷം അറുത്തുമാറ്റിയ തലയു
ി പ്രതി പൊലീസിൽ കീഴടങ്ങി.
ഡിഷയിൽ ബാലസോർ ജില്ല
ല ബഗജന്ത ഗ്രാമത്തിലാണ്
ധനാഴ്ച വൈകീട്ട് അരുംകൊ
ടന്നത്. കൂടോത്രം ചെയ്തിട്ടു
ന്നേ സംശയത്തിൻെറ പേരിൽ
ങ്ങാടിയിലേക്കുള്ള വഴിമധ്യേ
ാ സിങ്ങിനെ പ്രതിയായ പുരു
ാത്തം സിങ് മഴുകൊണ്ട് വെട്ടി
ലപ്പെടുത്തുകയായിരുന്നു. ധു
സിങ്ങിൻെറ കൂടോത്രം കാര
തൻെറ കുടുംബം നിരവധി
ഗങ്ങളാൽ കഷ്ടപ്പെടുകയാ
ന്നാണ് പുരുഷോത്തം സിങ്
ലീസിന് മൊഴി നൽകിയത്. കീ
ിയ പുരുഷോത്തമിനെ അറ
ചെയ്തതായി നീലഗിരി സ
ിവിഷനൽ പൊലീസ് ഓഫി
സ്വപ്നരഞ്ജൻ മഹാപത്ര
ത്തു.

# വെറ്ററിനറി യൂനിവേഴ്സിറ്റി നിർമാണ പ്രവൃത്തികൾ ഹരിത ട്രൈബ്യൂണൽ തടഞ്ഞു

## ● യൂനിവേഴ്സിറ്റിയുടെ കൈവശമുള്ള ഭൂമി റിസർവ് വനമെന്ന് ട്രൈബ്യൂണൽ

**കൽപറ്റ:** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂനിവേഴ്സിറ്റിയുടെ പൂക്കോടുള്ള ഭൂമിയിലെനിർമാണ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ ദേശീയഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടു. വയനാട് പ്രകൃതി സംരക്ഷണസമിതി, അഡ്വ. എം. സന്താനരാമൻ, അഡ്വ. എം.ആർ. ശിവകുമാർ എന്നിവർ മുഖേന നൽകിയ ഹരജിയിലാണ് ഉത്തരവ്.

1980ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1971ലെ കേരള ഫോറസ്റ്റ് വെസ്റ്റിങ് ആൻഡ് അസൈൻമെൻറ് ആക്ട് എന്നിവ പ്രകാരം യൂനിവേഴ്സിറ്റിയുടെ കൈവശമുള്ള ഭൂമി റിസർവ് വനമാണെന്നും നിർമാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാണെന്നും ട്രൈബ്യൂണൽ ഇടക്കാല ഉത്തരവിൽ വ്യക്തമാക്കി. പണിയ, അടിയ വിഭാഗത്തിൽപ്പെടുന്ന ആദിവാസികളെ മാത്രം പുനരധിവസിപ്പിക്കാൻ വേണ്ടിയാണ് കർക്കശ വ്യവസ്ഥകളോടെ 531 ഹെക്ടർ വനഭൂമി ഉപയോഗിക്കാൻ കേരളാ സർക്കാറിന് കേന്ദ്രം അനുമതി നൽകിയതെന്ന് പ്രകൃതി സംരക്ഷണസമിതി അറിയിച്ചു. വനഭൂമിയായി തന്നെ നിലനിർത്തണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഇവിടെയാണ് 1978ൽ പൂക്കോട് ഡെയറി ഫാം പ്രോജക്ടാരംഭിച്ചത്. 1998ൽ ഡെയറി ഫാം പിരിച്ചുവിടുകയും ഭൂമിയിൽനിന്ന് 100 ഏക്കർ വെറ്ററിനറി കോളജിന് നൽകുകയും ചെയ്തു.

കോളജ് പിന്നീട് യൂനിവേഴ്സിറ്റിയാവുകയായിരുന്നു. ഭൂമികൈമാറ്റത്തിന് കേന്ദ്ര സർക്കാറിൻെറ അനുമതി വാങ്ങിയിരുന്നില്ല.

കേന്ദ്രസഹായത്തോടെ 100 കോടി ചെലവിൽ അന്തർദേശീയ സ്റ്റേഡിയം, സ്വിമ്മിങ് പൂൾ, കോൺഫറൻസ് ഹാൾ, ഹെലിപ്പാട് തുടങ്ങിയവയും കൂറ്റൻകെട്ടിടങ്ങളും നിർമിക്കാൻ വൻതോതിൽ കുന്നിടിച്ചുനിരത്താൻ തുടങ്ങിയപ്പോഴാണ് പരിസ്ഥിതി സംഘടനകൾ വനം വകുപ്പിന് പരാതി നൽകിയത്. തുടർന്ന് സൗത് വയനാട് ഡി.എഫ്.ഒ നിർമാണം തടഞ്ഞെങ്കിലും നിർമാണം തുടരാൻ മുഖ്യമന്ത്രി അനുമതി നൽകുകയായിരുന്നു.

പിന്നീട് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിലെ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ സ്ഥലം സന്ദർശിച്ച് നിർമാണ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ നിർദേശം നൽകിയിരുന്നു. കബനി നദിയുടെ നിരവധി കൈവഴികളുടെ പ്രഭവകേന്ദ്രവും വയനാടിൻെറ ജലസുരക്ഷയുടെ ആണിക്കല്ലും അത്യധികം പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശവുമായ പൂക്കോട് വനഭൂമിയിലെ സകലനിർമിതികളും പൊളിച്ചുമാറ്റി വനഭൂമി വീണ്ടെടുത്ത് സംരക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് ഉത്തരവുനൽകണമെന്നാണ് ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ തങ്ങൾ ആവശ്യപ്പെട്ടതെന്ന് പ്രകൃതി സംരക്ഷണസമിതി പ്രസിഡൻറ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ അറിയിച്ചു.

ലവിഭവമന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന

സിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകും.

തൊണ്ടർനാട് ക്ഷീരസംഘം ഫെസിലിറ്റേഷൻ സെൻറർ മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു

## ദേശീയപാതയിലെ രാത്രിയാത്രാ നിരോധം

# അന്തിമവിചാരണ 30ന്; മുൻകരുതലില്ലാതെ സംസ്ഥാനസർക്കാർ

**വി. മുഹമ്മദ് ശരീഫ്**

**സുൽത്താൻ ബത്തേരി:** നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന കൊല്ലഗൽ-കോഴിക്കോട് ദേശീയപാതയിലെ രാത്രിയാത്രാ നിരോധം നിലവിൽവന്നിട്ട് അഞ്ചര വർഷം പിന്നിടുന്നു. നടപടിക്കെതിരെ സംസ്ഥാനസർക്കാർ 2010ൽ നൽകിയ ഹരജി ജനുവരി 30ന് സുപ്രീംകോടതി അന്തിമവിചാരണക്കായി പരിഗണിക്കാനിരിക്കെ സുപ്രീംകോടതിയിൽ അഭിഭാഷകനെ ചുമതലപ്പെടുത്താനൊ, രേഖകൾ കൈമാറാനൊ താൽപര്യമെടുക്കാതെ സംസ്ഥാനസർക്കാർ ഉരുണ്ടുകളിക്കുന്നു.

കേസിൽ സംസ്ഥാനസർക്കാറിനുവേണ്ടി ഹാജരാകാൻ സീനിയർ അഭിഭാഷകൻ ഗോപാൽ സുബ്രഹ്മണ്യത്തെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി വയനാട്ടിൽ പ്രഖ്യാപിച്ചിട്ട് വർഷം രണ്ടുകഴിഞ്ഞു. ഗോപാൽ സുബ്രഹ്മണ്യവുമായി പ്രാഥമികചർച്ചകൾ നടത്തിയെന്ന് അവകാശപ്പെടുന്ന സർക്കാർ, കേസ് അന്തിമവിചാരണക്കെടുക്കാൻ ഒരാഴ്ച മാത്രം ബാക്കി നിൽക്കുമ്പോഴും രേഖകൾ കൈമാറിയിട്ടില്ല. കേസിൻെറ പ്രാഥമികകാര്യങ്ങൾ നിർവഹിക്കുന്ന സ്റ്റാൻഡിങ് കോൺസൽ ബീനാ മാധവൻെറ പക്കലാണ് ഇപ്പോഴും രേഖകളുള്ളത്. 28ന് സർക്കാർ പ്രതിനിധികൾ ഡൽഹിയിൽ അഡ്വ. ഗോപാൽ സുബ്രഹ്മണ്യത്തെ കാണുമെന്ന് മാത്രമാണ് അവസാനമായി ലഭിച്ച വിവരം. 30ന് അന്തിമവിചാരണ നടക്കുമോയെന്ന് 27ന് മാത്രമാണ് അറിയാൻ കഴിയുക. 30ന് വിചാരണ നടക്കുമെങ്കിൽ 27നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡൽഹിക്ക് പുറപ്പെടും. ഊട്ടി ഹോട്ടൽ ഓണേഴ്സ് അസോസിയേഷനും നീലഗിരി-വയനാട് ദേശീയപാത ആൻഡ് റെയിൽവേ ആക്ഷൻ കമ്മിറ്റിയും നൽകിയ ഹരജികളും ഇതോടൊപ്പം സുപ്രീംകോടതി 30ന് പരിഗണിക്കും.

വന്യജീവി സുരക്ഷയുടെ പേരിൽ 2009 ജൂൺ മൂന്നിനാണ് ചാമരാജ് നഗർ ഡെ. കമീഷണർ ദേശീയപാത 212, 67 എന്നിവയിൽ രാത്രി ഒമ്പത് മുതൽ രാവിലെ ആറുവരെ ഗതാഗതം നിരോധിച്ചത്. കേരളസർക്കാറിൻെറ ആവശ്യപ്രകാരം കർണാടകയിലെ യെദിയൂരപ്പ സർക്കാർ ഈ ഉത്തരവ് പിന്നീട് പിൻവലിച്ചു.

കർണാടക സർക്കാർ നടപടിക്കെതിരെ അഡ്വ. ശ്രീനിവാസ ബാബു കർണാടക ഹൈകോടതിയിൽ നൽകിയ പൊതുതാൽപര്യ ഹരജിയിൽ കോടതി സർക്കാർ നടപടി റദ്ദ് ചെയ്തു. അതോടെ നിരോധം യാഥാർഥ്യമായി. കർണാടക സർക്കാറിൻെറ പിന്തുണ ഉറപ്പാക്കാൻ ചില നീക്കങ്ങൾ കേരളം നടത്തിയെങ്കിലും [illegible]

ലെ രാത്രിയാത്രാ നിരോധത്തെ പിന്തുണച്ചും ബദൽപ്പാത ആവശ്യമുയർത്തിയും രംഗത്തുവന്ന റിയൽ എസ്റ്റേറ്റ് മാഫിയയുടെ സമ്മർദത്തിൽ കേരളസർക്കാറിൻെറ നീക്കങ്ങൾ പിന്നീട് മന്ദഗതിയിലായി.

കേവലം 20 രൂപ പ്രോസസിങ് ചാർജ് അടക്കുന്നതിൻെറ പേരിൽ 20 മാസത്തോളം സുപ്രീംകോടതിയിൽ കേസ് കെട്ടിക്കിടന്നു. കേസ് അവസാനിപ്പിക്കാൻ സുപ്രീംകോടതി നീക്കമാരംഭിച്ചതോടെ പിന്നീട് അവധിവാങ്ങി സർക്കാർ പ്രതിനിധി 20 രൂപ കെട്ടിവെക്കുകയായിരുന്നു. പക്ഷേ, കേസ് മുന്നോട്ടുകൊണ്ടുപോകുന്നതിൽ സംസ്ഥാനസർക്കാറും ബന്ധപ്പെട്ട ജനപ്രതിനിധികളും [illegible] താൽപര്യമെടുത്തില്ല.

2010ൽ സുപ്രീംകോടതിയെ സമീപിച്ച സംസ്ഥാനസർക്കാർ നാലുവർഷം കഴിഞ്ഞിട്ടും ഒരു സീനിയർ അഭിഭാഷകനെ നിയമിക്കാൻ തയാറായില്ല.

അന്തിമവിചാരണക്ക് അഞ്ചു ദിവസം മാത്രം ബാക്കി നിൽക്കുമ്പോഴാണ് അഡ്വ. ഗോപാൽ സുബ്രഹ്മണ്യത്തെ വീണ്ടും ബന്ധപ്പെടാൻ ചില ശ്രമങ്ങൾ നടക്കുന്നത്.

കൽപറ്റയിൽനിന്ന് മാനന്തവാടി, കുട്ട, ഗോണിക്കുപ്പ വഴി മൈസൂരുവിലേക്ക് പോകുന്ന 'ബദൽപ്പാത'യുടെ കർണാടകയിലെ ഇരുഭാഗങ്ങളും റിയൽ എസ്റ്റേറ്റ് മാഫിയ കൈയടക്കിയതായി ആരോപണമുണ്ട്. റോഡ് തുറക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ ബംഗളൂരുവിലെത്തിയ മുഖ്യമന്ത്രിക്കും സംഘത്തിനും ആതിഥേയത്വം നൽകിയത് ഈ റിയൽ എസ്റ്റേറ്റ് മാഫിയയാണെന്ന് ആരോപണമുയർന്നു. ഏതായാലും ദേശീയപാതയിലെ രാത്രിയാത്രാ നിരോധം നീക്കുന്നതിനെപ്പറ്റി ചർച്ചക്കെത്തിയ മുഖ്യമന്ത്രി പിറ്റേന്ന് ബദൽപ്പാത യാഥാർഥ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സുപ്രീംകോടതിയിലെ കേസിലും ഈ ലോബിയുടെ ഇടപെടൽ ബന്ധപ്പെട്ടവരെ പിന്നോട്ടടിപ്പിക്കുന്നതായി ആക്ഷേപമുണ്ടായിരുന്നു.

ദേശീയപാതയിലെ രാത്രിയാത്രാ നിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാറിന് ഇത് അവസാന അവസരമാണ്. നിരോധം ശരിവെച്ചാൽ സ്വാഭാവികമായും ബദൽപാത ദേശീയപാതയായി മാറും. ചിലർ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള ബത്തേരി-മൈസൂരു റോഡിന് ബദലാവില്ല, മാനന്തവാടി വഴിയുള്ള പാതയെന്ന വാദം തമസ്കരിക്കപ്പെടുകയാണ്. റെയിൽവേപാതക്കുവേണ്ടി നിർദേശിക്കപ്പെട്ട പാതക്ക് സമാന്തരമായി വള്ളുവാടി വഴിയുള്ള പഴയ മൈസൂരുപാത പുനരുജ്ജീവിപ്പിക്കണമെന്ന ആവശ്യവും ചിലരുടെ താൽപര്യങ്ങൾക്ക് മുന്നിൽ അവഗണിക്കപ്പെടുന്നു.

## നിരോധം പിൻവലിക്കാൻ സർക്കാർ ഇടപെടണം

**കൽപറ്റ:** കോഴിക്കോട്-മൈസൂർ ദേശീയപാതയിൽ രാത്രികാല ഗതാഗത നിരോധം നീക്കുന്നതിന് വേണ്ടി സുപ്രീംകോടതിയിൽ കേസ് പരിഗണിക്കുന്ന ജനുവരി 30ാം തീയതി ആവശ്യമായ രേഖകൾ സമർപ്പിക്കുകയും പ്രഗല്ഭരായ അഭിഭാഷകരെ നിർദേശിക്കുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും അനുകൂലമായ വിധി നേടിയെടുക്കുന്നതിനുവേണ്ടി സർക്കാർ തയാറാകണമെന്ന് യുവജനതാദൾ ജില്ലാ കമ്മറ്റി യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡൻറ് കെ.ബി. രാജുകൃഷ്ണ അധ്യക്ഷത വഹിച്ചു. ജനതാദൾ ജില്ലാ പ്രസിഡൻറ് കെ.കെ. ഹംസ ഉദ്ഘാടനം ചെയ്തു. ജെയ്സൺ ലൂയിസ്, കുമാരൻ ചെമ്പകപ്പറ്റ, കെ. ഷിബു, കെ.ടി. ഹാഷിം, ജോസ് ദേവസ്യ, യു.എ. അജ്മൽ സാജിദ്, സി.സി. അരുൺ, സാബു വർഗീസ് സംസാരിച്ചു.